# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 671** **27.04.2017-ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള പഠന മുറി സഹായപദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി.എ. റഹീം<br>ശ്രീ. ഒ. ആർ. കേളു<br>ശ്രീ.പി.വി. അൻവർ<br>ശ്രീ.പി.കെ. ശശി | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ<br>പിന്നോക്കസമുദായക്ഷേമവും നിയമവും<br>സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് 'പഠനമുറി' സഹായ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; | എ)<br>ബി)<br>&<br>സി) | പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് സാമൂഹ്യ പഠനമുറി പദ്ധതി നടപ്പ സാമ്പത്തികവർഷം പുതുതായി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ആയത് പട്ടികവർഗ്ഗ കോളനികളിൽ കമ്മ്യൂണിറ്റി ഹാളിലോ, സമാന ഇടങ്ങളിലോ പ്രവർത്തിക്കുന്ന തരത്തിൽ വിദ്യാർത്ഥികൾക്ക് ട്യൂഷൻ, പഠന സാമഗ്രികൾ വിതരണം, ലഘുഭക്ഷണം നൽകൽ, അധിക സൗകര്യങ്ങളായ കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഫർണീച്ചർ എന്നിവ ഉൾപ്പെടെയാണ് സാമൂഹ്യ പഠന മുറി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നത്.<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാമൂഹ്യ പഠന മുറി പദ്ധതി നടപ്പിലാക്കുന്നതിലേക്കായി പട്ടികവർഗ്ഗത്തിൽപ്പെട്ട യുവതീയുവാക്കളെ ഉപദേശകനായോ, ട്യൂട്ടറായോ തെരഞ്ഞെടുത്ത് പരിശീലനം നൽകി നിയോഗിക്കുന്നതാണ്. |
| ബി) | മെച്ചപ്പെട്ട പഠനാന്തരീക്ഷം ഒരുക്കുന്നതിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഈ പദ്ധതി പ്രകാരം ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ; | | |
| സി) | ഇതിനായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ